# ദി ഡിഫെൻഡർ

Vol. No. 9 Issue No. 21 RNI Reg. No. 68089 / 97 Published From Perumbavoor 2006 NOVEMBER 1 Price: Rs.100/- P.A.

## മോഷണായി വീണ്ടും അവാർഡ് കൊടുത്തു



സി.പി.മോനായി



ഉമ്മൻ ചാണ്ടി



പി.എ.വി. സാം

സി.പി.മോനായി വീണ്ടും അവാർഡ് കൊടുത്തു. ഇത്തവണ കേവലം രണ്ടുപേർക്കു മാത്രമായി അവാർഡ് ചുരുക്കി എന്നതു മാത്രമാണ് പ്രത്യേകത. പി.എ.വി. സാം, ഉമ്മൻ ചാണ്ടി എന്നിവരാണ് മോനായിയുടെ അവാർഡ് വാങ്ങി കോമാളികളായത്.

പണം നൽകാൻ തയ്യാറുള്ള ആർക്കും അവാർഡ് കൊടുക്കുന്ന ആളാണ് മോനായി. ചർച്ച് ഓഫ് ഗോഡിന്റെ മുൻ ഓവർസിയറും മുൻ(എന്തോ) ഏഷ്യ സൂപ്രണ്ടും ഇപ്പോൾ ചുമ്മാ ഇവാൻജലിസ്റ്റുമായ പി.എ.വി സാമിന് എങ്ങനെയെങ്കിലും അല്പം മഹത്വം അത്യാവശ്യമായി കിട്ടാതെ പറ്റില്ല എന്ന സ്ഥിതിയായിരുന്നു. അതിന് ഏറ്റവും എളുപ്പമുള്ള മാർഗ്ഗം എന്ന നിലയിലാണ് അവാർഡിനായി മോഷണായിയെ സമീപിച്ചതും ചെലവുകൾക്കായി ഒരു ലക്ഷം രൂപ കൊടുത്തതും.

പി.എ.വിക്ക് മാത്രമായി അവാർഡ് കൊടുത്താൽ സംഗതിക്ക് ഒരു ഗമ വരുകയില്ല. അതുകൊണ്ട് ഉമ്മൻ ചാണ്ടിക്കും അവാർഡ് കൊടുക്കാൻ തീരുമാനിക്കയായിരുന്നു. ഒക്ടോബർ 29ന് തിരുവല്ലയിൽ നടന്ന ചടങ്ങിൽ മോഷണായി അവാർഡുകൾ വിതരണം ചെയ്തു. ഒട്ടേറെ വിഡ്ഢികൾ ചടങ്ങിൽ പങ്കെടുത്തു.

മോനായി കൊടുക്കുന്ന അവാർഡ് വാങ്ങിയാൽ മഹാനാകാം എന്നാണ് പി.എ.വിയുടെ കണക്കുകൂട്ടലെങ്കിൽ അനന്തരഫലം അനുഭവിച്ചറിയേണ്ടതായി വരും. അതുപോലെ, അവാർഡ് കൊടുക്കൽ സ്ഥിരം പതിവാക്കാനാണ് മോഷണായിയുടെ പദ്ധതിയെങ്കിൽ ഡിഫെൻഡറിന് ജോലി വർദ്ധിക്കയും ചെയ്യും.

## ഉമ്മൻ ചാണ്ടിക്കും വേണോ ഇത്തരമൊരു തണൽ?

ഉണ്ടിരുന്ന നായർക്ക് ഒരു വിളി തോന്നി എന്നു പറഞ്ഞതുപോലെ ഉമ്മൻ ചാണ്ടിക്ക് എന്തു വിളി കിട്ടിയിട്ടാണ് മോഷണായി കൊടുത്ത അവാർഡ് വാങ്ങാൻ പോയത് എന്ന് അറിഞ്ഞുകൂടാ. എങ്കിലും ഇത് ഉമ്മൻ ചാണ്ടിയുടെ അന്തസ്സിന് ചേരാത്ത പരിപാടിയായിപ്പോയി എന്ന് പറയാതെ വയ്യ.

പെന്തക്കോസ്തുകാർ കൊടുക്കുന്ന അവാർഡാണിതെന്നും ഈ അവാർഡ് വാങ്ങിച്ചാൽ പെന്തക്കോസ്തുകാരുമായി നല്ല ബന്ധം ഉണ്ടാകുമെന്നും കരുതിയാണ് ഉമ്മൻ ചാണ്ടി ഈ കോമാളിവേഷം കെട്ടാൻ തയ്യാറായത് എന്ന് കേൾക്കുന്നു. പി.ജെ.കുര്യനാണ് ഇതിന്റെ പിന്നിൽ പ്രവർത്തിച്ചതെന്നും അറിയാൻ കഴിഞ്ഞു. ഈ ഉദ്ദേശ്യത്തോടെയാണ് അവാർഡ് വാങ്ങാൻ തയ്യാറായതെങ്കിൽ ഉമ്മൻ ചാണ്ടി വിഡ്ഢിവേഷം കെട്ടുകയായിരുന്നു എന്ന് അറിയുക.

അവാർഡ് കൊടുക്കുകയും അവാർഡ് വാങ്ങുകയും തൊഴിലായി സ്വീകരിച്ചിരിക്കുന്ന വ്യക്തിയാണ് മോഷണായി എന്ന പേരിൽ അറിയപ്പെടുന്ന സി.പി.മോനായി. (മറ്റുള്ളവരുടെ പുസ്തകങ്ങൾ കോപ്പിയടിച്ച് സ്വന്തം പേരിൽ പ്രസിദ്ധീകരിക്കുന്നത് പതിവാക്കിയപ്പോൾ കലാബോധമുള്ള നാട്ടുകാർ ചാർത്തിക്കൊടുത്ത ഓമനപ്പേരാണ് മോഷണായി എന്നത്). കഴിഞ്ഞ ജൂണിൽ മോഷണായി 15 അവാർഡുകൾ നൽകിയിരുന്നു.

കീശയിൽ ആവശ്യത്തിലേറെ പണമുള്ള പൊങ്ങപ്പോഴൻമാരെയാണ് മോനായി അവാർഡ് കൊടുക്കാനായി തിരഞ്ഞെടുക്കുക. അവാർഡ് നൽകാനും മറ്റു ചെലവുകൾക്കുമായി നല്ലൊരുതുക മോനായി അവാർഡ് ജേതാവിൽ നിന്ന് വസൂലാക്കും. പണം കിട്ടിക്കഴിഞ്ഞാൽ മോനായി അവാർഡ് പ്രഖ്യാപിക്കും. അവാർഡ് ദാനത്തിനും മറ്റുമായി കുറെ പണം മോനായിക്ക് ചെലവാക്കും. ബാക്കിയുള്ളത് മിച്ചം. അവാർഡിന് മാന്യത ഉണ്ടാക്കാനായി ചില മാന്യവ്യക്തികൾക്ക് പണം വാങ്ങാതെയും അവാർഡ് കൊടുക്കും. ഇത്തവണയും ഇതുതന്നെയാണ് മോനായി ചെയ്തത്. പി.എ.വി. സാം എന്ന വിദ്വാനോട് ഒരുലക്ഷം രൂപ വാങ്ങിയിട്ടാണ് അവാർഡ് കൊടുത്തത്. പക്ഷേ അയാൾക്കു മാത്രം അവാർഡ് കൊടുത്താൽ സംഗതിക്ക് ഒരു ഗമ വരുകയില്ല. അതുകൊണ്ട് സാക്ഷാൽ പ്രതിപക്ഷ നേതാവിനുംകൂടി അവാർഡ് കൊടുക്കാൻ തീരുമാനിച്ചു. ഉമ്മൻ ചാണ്ടിയേപ്പോലൊരു വ്യക്തിക്ക് ലഭിച്ച അതേ അവാർഡാണ് പി.എ.വി. സാമിനും ലഭിച്ചത് എന്നു പറയുമ്പോൾ അവാർഡിന് വിലയായി. പത്രങ്ങളിലെല്ലാം വാർത്തയും വരും. പക്ഷേ ഈ ആലിന്റെ തണൽ വേണ്ടെന്നു വെയ്ക്കാനുള്ള വിവേകം ഉമ്മൻ ചാണ്ടിക്ക് ഉണ്ടായില്ല.

## പെരുമ്പെട്ടി ഐ.പി.സി. തുറക്കുന്ന ലക്ഷണമില്ല

പെരുമ്പെട്ടി ഐ.പി.സിയിലെ പ്രശ്നം അനന്തമായി നീളുന്നു. ഗുണ്ടായിസത്തിലൂടെ സഭ പിടിച്ചെടുക്കാൻ റാന്നി സെന്റർ പാസ്റ്ററായ കെ.കെ.ചെറിയാൻ നടത്തിയ ശ്രമമാണ് സഭാഹാൾ അടച്ചു പൂട്ടുന്നിടം വരെ എത്തിയത്. ഇലക്ഷൻ കേസ്സ് കൊടുക്കാൻ പാസ്റ്റർ ഏബ്രഹാം ഷാജിയെ പ്രേരിപ്പിച്ചതും വേണ്ട സഹായമെല്ലാം ചെയ്തു കൊടുത്തതും കെ.കെ.ചെറിയാനാണ്. പക്ഷേ ഒടുവിൽ ഇയാൾ കാലുമാറി. കേസ്സ് കൊടുത്തു എന്ന കാരണം പറഞ്ഞ് ടി.എസ്.ഏബ്രഹാം ഏബ്രഹാം ഷാജിക്കെതിരെ നടപടി എടുത്തപ്പോൾ അതിനെതിരെ വായ് തുറക്കാൻ ചെറിയാൻ തയ്യാറായില്ലെന്നു മാത്രമല്ല സഭാഹാൾ പിടിച്ചെടുക്കാൻ ഗുണ്ടകളുമായെത്തുകയും ചെയ്തു. ഇപ്പോൾ പ്രശ്നം പരിഹരിക്കാനാവാതെ ഇയാൾ കുഴയുകയാണ്.

## പവ്വർ വിഷൻ ചാനൽ സമുദായക്കാരുടെ പിടിയിൽ

സുവിശേഷ പ്രചരണത്തിനെന്ന വ്യാജേന കെ.സി.ജോണും കൂട്ടരും രൂപംകൊടുത്ത പവ്വർ വിഷൻ ചാനൽ സമുദായക്കാരുടെ പിടിയിലായി. ഇരുപത്തി നാലു മണിക്കൂറും സംപ്രേക്ഷണം ചെയ്യുന്ന ചാനലിൽ ഇപ്പോൾ മൂന്നോ നാലോ മണിക്കൂർ സമയം മാത്രമാണ് പെന്തക്കോസ്ത് വിശ്വാസപ്രമാണവുമായി യോജിക്കുന്ന പ്രോഗ്രാമുകൾ ഉള്ളത്. ബാക്കി സമയം മുഴുവൻ വിവിധ ക്രൈസ്തവ സമുദാക്കാരുടെ പ്രോഗ്രാമുകൾ പ്രദർശിപ്പിക്കുന്നു.

എന്നും വൈകിട്ട് പത്തു മണിക്ക് ദേവസ്യ മുല്ലക്കരയുടെ പരിപാടി കാണാം. ആരാണ് ദേവസ്യ മുല്ലക്കര? കത്തോലിക്കാ മതം പ്രചരിപ്പിക്കുന്നതിനായി ജീവിതം മാറ്റിവെച്ച ആളാണ് ദേവസ്യ. ലോകമെങ്ങും സഞ്ചരിച്ച് ഇദ്ദേഹം കത്തോലിക്കാമതം പ്രചരിപ്പിച്ചു വരുന്നു. സമുദായക്കാരനായ ഒരു അച്ചനേയും സ്ഥിരം കാണാം. കൂടാതെ, കത്തോലിക്കർ ഉൾപ്പെടെയുള്ളവരുടെ പാട്ടും കൂത്തും. എല്ലാംകൂടി കഴിഞ്ഞാൽ മൂന്നോ നാലോ മണിക്കൂർ മിച്ചമുണ്ടാകും. അത് പെന്തക്കോസ്തുകാർക്ക് കിട്ടുന്നു. സുവിശേഷം പ്രചരിപ്പിക്കാൻ ഇറങ്ങിത്തിരിച്ച് ഇപ്പോൾ കത്തോലിക്കാമതം പ്രചരിപ്പിക്കുന്നു.

## കെ.സി.ജോൺ ഭീഷണിയും ശാപവർഷവും തുടരുന്നു

കെ.സി.ജോൺ ഭീഷണിയും ശാപവർഷവും തുടരുന്നു. ഡിഫെൻഡറും ടി.എസ്.ബാലനും നശിച്ച് നാറാണക്കല്ലു പിടിക്കുമെന്നാണ് ശാപം. ടി.എസ്.ബാലന്റെ തലമുറയ്ക്കുപോലും ഗുണം പിടിക്കില്ലത്രേ.

ദൈവവചനം കേട്ടും ദൈവത്തെ ആരാധിച്ചും അനുഗ്രഹം പ്രാപിക്കാനായി എത്തുന്ന സഭാംഗങ്ങൾ ഈ ശാപവചനങ്ങൾ കേട്ട് മടുത്തു. ബാലൻ നന്നായാലും നശിച്ചാലും നെടുമ്പ്രം ഐ.പി.സിയിലെ അംഗങ്ങൾക്ക് ഒന്നുമില്ല. ബാലൻ അവർക്ക് ഒരു പ്രശ്നവുമല്ല. പക്ഷേ സഭായോഗത്തിന് ഏതെങ്കിലും ഒരു ശാപസങ്കീർത്തനം വായിച്ചിട്ട് ശാപവർഷം നടത്തുന്നത് അവസാനിപ്പിക്കണം. ഇതാണ് സഭാംഗങ്ങളിൽ ഭൂരിപക്ഷത്തിന്റേയും നിലപാട്.

അസിസ്റ്റന്റായ ഷാജിയും തന്നാൽ ആവോളം ശാപം ചൊരിയുന്നുണ്ട്. ഇപ്പോൾ ഈ ഒരു വിഷയമേ പ്രസംഗിക്കാൻ ഉള്ളൂ എന്നതാണ് സ്ഥിതി.



പ്രെയ്സ് അമ്മാമ്മയുമായുള്ള ഇടപാട് ഇപ്പോൾ നടക്കുന്നില്ല. അതിനുപകരം അമ്പിളിയുമായുള്ള കലാപരിപാടികളാണ് പുരോഗമിക്കുന്നത്. അമ്പിളിയുടെ ഭർത്താവ് ഗൾഫിലായതുകൊണ്ട് സംഭവങ്ങൾ ഒന്നും അറിയുന്നില്ല.

ആഴ്ചകളും മാസങ്ങളും ഒക്കെ വിദേശത്ത് ചുറ്റിത്തിരിയുന്ന കെ.സി.ജോൺ ഇത്തവണ കുവൈറ്റിൽ പോയിട്ട് പിറ്റേന്നു തന്നെ തിരികെ എത്തി. (അസിസ്റ്റന്റിനേയും പ്രെയ്സിനേയും അത്ര വിശ്വാസമാണ് കെ.സിക്ക്). യഥാസമയം തിരിച്ചെത്തിയെങ്കിലും സഭായോഗത്തിൽ പങ്കെടുക്കാതെ കിടന്നുറങ്ങുകയാണ് കെ.സി ചെയ്തത്.

പവ്വർ വിഷനെ വിമർശിക്കുന്നവരേയും കെ.സി. ജോൺ ഇപ്പോൾ വെറുതെ വിടുന്നില്ല. ചാനൽ ചക്കാത്തിന് കണ്ടിട്ട് വിമർശിക്കുന്നു എന്നു പറഞ്ഞാണ് ശാപം ഉതിർക്കുന്നത്. കേബിൾ ടി.വിക്കാർക്ക് ഡിപ്പോസിറ്റും മാസവരിയും കൊടുത്താണ് എല്ലാവരും ചവർ ഉൾപ്പെടെയുള്ള ചാനലുകൾ കാണുന്നത്. അത് എങ്ങനെ ചക്കാത്താകും എന്ന് അറിഞ്ഞുകൂടാ. ഏതായാലും ചാനൽ കാണുന്നവർ അതിനെ വിമർശിക്കരുതെന്നും വിമർശിച്ചാൽ നിത്യ നരകത്തിൽ പോകുമെന്നും ഒക്കെയാണ് കെ.സി. ജോൺ ഭീഷണിപ്പെടുത്തുന്നത്. ഇതൊക്കെ കേട്ട് മടുത്ത ചിലർ സഭ വിട്ടുപോകാനുള്ള ഒരുക്കത്തിലാണെന്ന് അറിയാൻ കഴിഞ്ഞു.

ദി ഡിഫെൻഡർ
Vol. No.9 Issue No. 21 2006 November 1

# സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുമോ?

ഗാർഹിക പീഡനങ്ങളിൽ നിന്നും സ്ത്രീകൾക്ക് സംരക്ഷണം നൽകാനായി കേന്ദ്രസർക്കാർ കഴിഞ്ഞവർഷം ഉണ്ടാക്കിയ നിയമം കഴിഞ്ഞയാഴ്ച നിലവിൽ വന്നു. സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ വകുപ്പുകളും അനുബന്ധ ചട്ടങ്ങളും ഈ നിയമത്തിൽ ഉണ്ടെന്നത് ശരിയാണെങ്കിലും ഏട്ടിലെ പശു പുല്ല് തിന്നുമോ എന്ന് കണ്ടുതന്നെ അറിയണം.

ഭാര്യ, വിധവ, സഹോദരി, അമ്മ, വേലക്കാരി തുടങ്ങി ഏതു പ്രായത്തിലും ഭാവത്തിലുമുള്ള സ്ത്രീകൾക്കും പ്രയോജനം ചെയ്യണമെന്ന ഉദ്ദേശ്യത്തോടെയാണ് ഈ നിയമം ഉണ്ടാക്കിയിട്ടുള്ളത്. ഭവനത്തിനുള്ളിൽ നടക്കുന്ന എല്ലാ വിധ പീഡനങ്ങളും ഈ നിയമത്തിന്റെ പരിധിയിൽ വരുന്നു. പീഡനം എന്നത് ശാരീരികമോ മാനസികമോ ആകാം. വെറും പരിഹസിക്കൽ മാത്രവുമാകാം.

നടപടി എടുക്കുന്നതിന് സമയപരിധി നിർണ്ണയിച്ചിട്ടുണ്ട് എന്നതാണ് മറ്റൊരു പ്രത്യേകത. പരാതി കിട്ടിയാൽ ഉടൻ നടപടി എടുത്തേ മതിയാകൂ. വിചാരണയുടെ പേരിൽ കേസ്സ് അനന്തമായി നീട്ടിക്കൊണ്ടു പോകാൻ സാധിക്കയുമില്ല. ചുവപ്പുനാട ഒഴിവാക്കാൻ ഈ ചട്ടങ്ങൾ സഹായകമാകും.

കുടുംബാംഗത്തിന്റെ പേരിൽ കേസ്സ് കൊടുത്തു എന്ന കാരണത്താൽ വീട്ടിൽ നിന്ന് ഇറക്കി വിടാനോ പട്ടിണിക്കിടാനോ കഴിയുകയില്ല. അങ്ങനെ ചെയ്താൽ മറ്റൊരു കേസ്സു കൂടി ഉണ്ടാകും. കൂടാതെ, നിയമപരിരക്ഷയോടെ വീട്ടിൽ തിരികെ പ്രവേശിക്കാനും സ്ത്രീക്ക് കഴിയും.

സ്ത്രീകളെ ശാരീരികവും മാനസികവുമായി പീഡിപ്പിക്കുന്ന ബന്ധുക്കൾക്ക് ഈ നിയമം ശക്തമായ താക്കീതാണ് നൽകുന്നത്. സ്ത്രീകൾക്ക് സമൂഹത്തിൽ മാന്യമായി ജീവിക്കാനുള്ള അവകാശമുണ്ടെന്ന വസ്തുതയ്ക്ക് ഈ നിയമം അടിവരയിടുന്നു. പാശ്ചാത്യ രാജ്യങ്ങളിൽ ഇത്തരം നിയമങ്ങൾ നിലവിലുണ്ടെങ്കിലും മൂന്നാം ലോക രാജ്യങ്ങളിൽ വളരെ അപൂർവ്വമായേ ഈ വിധത്തിലുള്ള നിയമങ്ങൾ ഉണ്ടാകാറുള്ളൂ.

വിവരാവകാശ നിയമത്തിനു പിന്നാലെ ഈ നിയമം കൂടി വന്നതോടെ പൗരാവകാശത്തിന് ശക്തി വർദ്ധിച്ചു എന്നതിന് സംശയമില്ല. രാജ്യരക്ഷയെ ബാധിക്കുന്ന രഹസ്യങ്ങളൊഴികെ എന്തു വിവരവും നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമാക്കുക എന്നത് ഭരണാധികാരികളുടെ ഉത്തരവാദിത്വമായി വിവരാവകാശനിയമം കണക്കാക്കുന്നു. അതുപോലെ ശാരീരിക ബലത്തിൽ പുരുഷനേക്കാൾ താഴെയായ സ്ത്രീകൾ നാളിതുവരെ അനുഭവിച്ചുവന്ന ദുരിതങ്ങൾക്ക് ഒരു പരിധി വരെയെങ്കിലും ശമനം വരുത്തുവാൻ ഈ നിയമം സഹായകമാകും എന്ന് കരുതാം.

# സത്യം സത്യമായി

ആങ്ങള ചത്താലും വേണ്ടില്ല നാത്തൂന്റെ കണ്ണുനീർ കണ്ടാൽ മതി എന്ന പരിശുദ്ധമായ ആഗ്രഹവുമായി കഴിഞ്ഞിരുന്ന മഹിളയുടെ ചെവിയിൽ നാത്തൂന് ലോട്ടറിയടിച്ചു എന്ന വാർത്ത എത്തിയാൽ എന്താകും സംഭവിക്കുക? ഏതാണ്ട് ഇതു പോലെയൊരു അവസ്ഥയിലാണ് ഇപ്പോൾ പിതാവും പുത്രനും. ആന്റണി ഒന്നുമല്ലാതായതിൽ സന്തോഷിച്ച് ഇരിക്കുമ്പോഴാണ് മേല്പടിയാൻ കേന്ദ്രമന്ത്രിയായി എന്ന വാർത്ത കേൾക്കുന്നത്. അസൂയ സഹിക്കുന്നില്ല. പക്ഷേ ആന്റണിക്ക് എതിരായി എന്തെങ്കിലും പറഞ്ഞാൽ അതിന്റെ പിന്നിലുള്ള കുശുമ്പ് ജനം തിരിച്ചറിയുകയും ചെയ്യും. എന്തു ചെയ്യണമെന്നറിയാതെ കുഴയുകയാണ് മുരളിയും ലീഡറും.

ഡി.ഐ.സി രൂപീകരിക്കുന്നതിനായി ചേർന്ന കൺവെൻഷനിൽ പങ്കെടുത്തത്ര ആൾക്കാരെ അണിനിരത്തിയാകും കോൺഗ്രസ്സിലേക്കുള്ള മടക്കയാത്ര എന്ന് ഡി.ഐ.സി വിമതർ അവകാശപ്പെടുന്നു. ഒന്നരലക്ഷം ആളുകൾ പങ്കെടുക്കുന്ന യോഗത്തിലായിരിക്കും ഡി.ഐ.സി എൻ.പി.സിയിൽ ലയിക്കുക എന്ന് മുരളിയും പറയുന്നു. ഇതു രണ്ടും അസംഭവ്യമല്ല എന്ന് ഏവർക്കും അറിയാം. ആളൊന്നുക്ക് നൂറു രൂപയും ശാപ്പാടും വെള്ളവും കൊടുത്താൽ ഏതു റാലിക്കും ആളെ കിട്ടും. അതുകൊണ്ട് ഇരു പക്ഷത്തിന്റേയും റാലി ജനപങ്കാളിത്വം കൊണ്ട് ശ്രദ്ധേയമാകും.

എൻ.പി.സിയിൽ ലയിച്ചു കഴിഞ്ഞാൽ ലീഡറും പുത്രനും എന്തൊക്കെ സ്ഥാനങ്ങൾ ലഭിക്കുമെന്ന് അറിവായിട്ടില്ല. മുരളിക്ക് എൻ.പി.സി കേരള പ്രസിഡന്റ് സ്ഥാനവും ലീഡർക്ക് ദേശീയതലത്തിൽ രണ്ടാമൻ സ്ഥാനവും ലഭിച്ചേക്കാമെന്ന് കരുതുന്നു. പക്ഷേ ഇതൊക്കെ താത്ക്കാലിക പ്രതിഭാസങ്ങൾ മാത്രം. ഏതു സമയത്തും പ്രശ്നം തലപൊക്കാം. മൂഷികസ്ത്രീ വീണ്ടും മൂഷിക സ്ത്രീ ആകുകയും ചെയ്യും. അതുകൊണ്ട് ഡി.ഐ.സി എന്ന പാർട്ടി എൻ.പി.സി എന്ന പാർട്ടിയിൽ ലയിക്കുന്നു എന്നു പറയുന്നതിനേക്കാൾ എൻ.പി.സിയിൽ പാർക്ക് ചെയ്യാൻ തീരുമാനിച്ചു എന്നു പറയുന്നതാകും ശരി.

വെളിയത്തോടൊപ്പം ഇരിക്കാൻ തന്നെ കിട്ടില്ല എന്ന് ലീഡർജി പറയുന്നു. ''എന്റെ അടുത്ത് ഇരിക്കണേ'' എന്ന അപേക്ഷയുമായി വെളിയം ഭാർഗ്ഗവൻ ലീഡറുടെ പിന്നാലെ നടക്കുകയാണ് എന്നുതോന്നും ലീഡർ പറയുന്നതു കേട്ടാൽ.

ലയനത്തിനു ശേഷം യു.ഡി.എഫിലേക്കില്ലെന്നു മുരളി പറയുന്നു. പക്ഷേ എങ്ങോട്ടു പോകുമെന്ന് പറയുന്നുമില്ല. പോകാൻ ഒരു സ്ഥലമില്ല എന്നതാണ് സത്യം. പക്ഷേ അത് തുറന്നു പറയുന്നതെങ്ങനെ? അതുകൊണ്ട് ഒന്നും വെട്ടിമുറിച്ച് പറയാതിരിക്കുകയാണ് ബുദ്ധി. കഴിഞ്ഞ കാലത്തെ അനുഭവം മറക്കാറായിട്ടില്ലല്ലോ.

ഗൾഫ് പണത്തിന്റെ അതിപ്രസരം ഉണ്ടായിരുന്ന സമയത്ത് പത്തനംതിട്ട ജില്ലയിൽ സാധാരണക്കാരന് മീൻ വാങ്ങാൻ പറ്റാത്ത സ്ഥിതിയുണ്ടായിരുന്നു. മാർക്കറ്റിൽ എത്തുന്ന മീനെല്ലാം ഏതെങ്കിലും ഗൾഫ്കാരന്റെ വീട്ടുകാർ കൊട്ട സഹിതം വാങ്ങിക്കൊണ്ടു പോകുമായിരുന്നു. ഏതാണ്ട് ഇതുപോലൊരു സ്ഥിതിയാണ് ഇപ്പോൾ എറണാകുളം ജില്ലയിലുള്ളത്. സാധാരണക്കാരന് പത്തു സെന്റോ അഞ്ചു സെന്റോ വാങ്ങാൻ പറ്റുന്നില്ല. വിലപേശിക്കൊണ്ടിരിക്കുന്നതിനിടയിൽ എവിടെനിന്നോ എത്തിയ ചിലർ സ്ഥലം നാലും അഞ്ചും ഇരട്ടി വിലയ്ക്ക് വാങ്ങും. ഏതാനും മാസം മുൻപുവരെ സെന്റിന് പതിനായിരം രൂപ ചോദിച്ചിരുന്ന സ്ഥലം സെന്റിന് അൻപതിനായിരത്തിനോ ഒരു ലക്ഷത്തിനോ കച്ചവടം ഉറപ്പിക്കുന്നത് അസ്സാധാരണ കാര്യമല്ലേ. പക്ഷേ പാകിസ്ഥാനിൽ അച്ചടിച്ച കള്ളനോട്ടാണ് ഈ മായാജാലം കാണിച്ചതെന്ന് ഇപ്പോഴാണ് അറിയുന്നത്. ഇപ്പോൾ മനസ്സുറപ്പിച്ച് അഞ്ഞൂറിന്റേയും ആയിരത്തിന്റേയും നോട്ട് വാങ്ങാനാവാത്ത സ്ഥിതിയിലാണ് എറണാകുളം ജില്ലയിലുള്ളവർ.

ഗവർണ്ണർമാർ റബ്ബർ സ്റ്റാമ്പുകളാണോ അല്ലയോ എന്ന കാര്യം തർക്കവിഷയമാണ്. പക്ഷേ സ്പീഡ് ഗവർണ്ണർ കുറേ കാലമായി ഉണ്ടാക്കുന്ന കുഴപ്പങ്ങൾ ചില്ലറയല്ല. ഇതാ വരുന്നു ലോറി സമരം, അടുത്ത ആഴ്ച മുതൽ ബസ്സ് സമരം എന്നൊക്കെ പ്രഖ്യാപിച്ച് ലോറി-ബസ്സ് ഉടമകൾ പൊതുജനത്തേയും സർക്കാരിനേയും ഒന്നുപോലെ ഭീഷണിപ്പെടുത്തുകയായിരുന്നു. 30-ാം തീയതി മുതൽ അവർ സമരം തുടങ്ങുകയും ചെയ്തു.

സുപ്രീം കോടതിയുടെ വിധിയനുസരിച്ചാണ് സ്പീഡ് ഗവർണ്ണർ ഘടിപ്പിക്കുന്നത് നിർബ്ബന്ധമാക്കുന്നത്. സ്പീഡ് ഗവർണ്ണർ ആവശ്യമാണെന്നതിന് സംശയവുമില്ല. പക്ഷേ ഈ നിയന്ത്രണം കേരളത്തിൽ മാത്രം മതി എന്നു പറയുന്നതിന്റെ ഗുട്ടൻസ് പിടി കിട്ടുന്നില്ല. ഓവർ സ്പീഡു കൊണ്ട് കേരളത്തിൽ മാത്രമേ അപകടം ഉണ്ടാകുന്നുള്ളൂ എന്നാണോ പറയുന്നത്?

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ജില്ല തിരിച്ച് കെട്ടുകളാക്കി പെരുമ്പാവൂർ പോസ്റ്റ് ഓഫീസിൽ കൊടുക്കയാണ് ചെയ്യുന്നത്. സീലടിച്ച് അവർ അത് അയക്കയും ചെയ്യുന്നു. ഇവിടെ പത്രം നഷ്ടപ്പെടുന്നില്ല. അതുകൊണ്ട് പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:
റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ. ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3232356, 9447414608

# ചവർ സാത്താന്റെ ചാനൽ?

## കാരണവർക്ക് എന്തുമാകാം

ചവറിൽ വർഗീസ് മത്തായിയുടെ വകയായി ഒരു പ്രോഗ്രാമുണ്ട്. എന്തെങ്കിലും ഒരു വിഷയത്തേക്കുറിച്ച് കണ്ണിൽ കണ്ടവരോടെല്ലാം അഭിപ്രായം ചോദിച്ചശേഷം വർഗീസ് മത്തായി എന്തെങ്കിലുമൊക്കെ പറഞ്ഞ് അവസാനിപ്പിക്കും. പരമ ബോറാണ് പരിപാടിയെന്ന് വിശേഷിച്ച് പറയേണ്ടതില്ല.

നാട്ടുകാരോട് അഭിപ്രായം ചോദിക്കാൻ ഈയിടെ തിരഞ്ഞെടുത്ത വിഷയങ്ങളിലൊന്ന് സ്വാശ്രയ പ്രശ്നമായിരുന്നു. പണമുള്ളവർ കൈക്കൂലി കൊടുത്ത് അഡ്മിഷൻ നേടി ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കുമ്പോൾ മിടുക്കരായ പാവപ്പെട്ട കുട്ടികൾ പിൻതള്ളപ്പെടുന്നു. അഭിപ്രായം പറഞ്ഞ നാട്ടുകാരും വർഗീസ് മത്തായിയും ഇതൊക്കെ വിശദീകരിച്ചു. പക്ഷേ ആരും പറയാതെപോയ ഒരു കാര്യമുണ്ട്: ചവറിന്റെ ചെയർമാനായ സാക്ഷാൽ കെ.സി.ജോൺ 23 ലക്ഷം രൂപ കൈക്കൂലി കൊടുത്താണ് ഇളയ മകന് തമിഴ്നാട്ടിൽ എം.ബി.ബി.എസ് സീറ്റ് തരപ്പെടുത്തിയത്. ഇത് ചെയ്തത് ചവറിന്റെ ചെയർമാനായതുകൊണ്ട് അത് പാപമല്ല. പക്ഷേ മറ്റുള്ളവർ ഇങ്ങനെ ചെയ്താൽ പാപമാകും, ശരിയല്ലേ വർഗീസ് മത്തായീ?

## ചവറിന്റെ ഉദ്ഘാടനം കുവൈറ്റിലും നടത്തി

ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുവാൻ കർത്താവായ യേശുക്രിസ്തു കല്പിച്ചു. ഇപ്പോൾ ഉലകം മുഴുവൻ സഞ്ചരിച്ച് കെ.സി.ജോൺ ചാനൽ ഉദ്ഘാടനം നടത്തുകയാണ്. ഒക്ടോബർ 27ന് കുവൈറ്റിൽ നടത്തിയ ഉദ്ഘാടനമാണ് ഏറ്റവും ഒടുവിൽ നടന്നത്.

ഫെബ്രുവരി രണ്ടിന് തിരുവല്ലയിൽ നടന്ന ഉദ്ഘാടനത്തോടെയാണ് ചാനൽ പ്രവർത്തനം ആരംഭിച്ചത്. ഫെബ്രുവരി 6ന് ഡൽഹിയിൽ വീണ്ടും ഒരു ഉദ്ഘാടനം നടത്തി. പക്ഷേ അതുകൊണ്ടൊന്നും കെ.സി.ജോണിന് തൃപ്തിയായില്ല. ഉദ്ഘാടന പരമ്പര തന്നെ നടത്താൻ കെ.സി.ജോൺ തീരുമാനിച്ചു. അങ്ങനെയാണ് ഓരോ ഗൾഫ് രാജ്യത്തും ഉദ്ഘാടനം നടത്തിവരുന്നത്.

ഏതാനും മാസം മുൻപ് ദുബായിൽ ചവറിന്റെ ഉദ്ഘാടനം നടത്തി. അവിടെയുള്ള കുറേ വിഡ്ഢികളുടെ പണം പിടുങ്ങുകയും ചെയ്തു. അതു കഴിഞ്ഞ് ബഹറിനിൽ ഉദ്ഘാടനം നടത്തി. ഇപ്പോഴിതാ കുവൈറ്റിലും ഉദ്ഘാടനം നടത്തിയിരിക്കുന്നു. അടുത്തത് എവിടെ? നാലു പണക്കാരെ ഒന്നിച്ച് എവിടെ കാണുന്നോ അവിടെ.

പല കാര്യങ്ങളിലും ചവറിന് ഒന്നാം സ്ഥാനം ഉണ്ട്. ഇല്ലെങ്കിൽ ഉണ്ടാകും. ഏറ്റവും കുറച്ച് ആളുകൾ കാണുന്ന മലയാളം ചാനൽ, ഏറ്റവും ബോറായ മലയാളം ചാനൽ, ഒരേ പരിപാടി ഏറ്റവും കൂടുതൽ വട്ടം കാണിക്കുന്ന ചാനൽ, ഏറ്റവും അധികം തവണ ഉദ്ഘാടനം നടത്തിയ ചാനൽ, ഏറ്റവും ആദ്യം പൂട്ടുന്ന മലയാളം ചാനൽ തുടങ്ങിയ റിക്കാർഡുകളൊക്കെ ചവറിന് സ്വന്തം.

## ഹാപ്പി മോമെന്റ്സും ഉറക്കഗുളികയും

ഹാപ്പി മോമെന്റ്സ് എന്ന പരിപാടി നടത്തുന്ന പെങ്കൊച്ചിനെതിരെ ഉറക്ക ഗുളിക ഉല്പാദിപ്പിക്കുന്ന കമ്പനിക്കാർ വല്ല കേസ്സും കൊടുക്കാൻ ഇടയുണ്ട്. കാരണം ഈ പരിപാടി ഇങ്ങനെ പോയാൽ ഉറക്കഗുളിക വാങ്ങാൻ ആളില്ലാതെപോകും. കമ്പനി പൂട്ടും. ഈ പരിപാടി പത്തു മിനിട്ടിൽ അധികംനേരം കണ്ടിരിക്കാൻ ആർക്കും കഴിയുകയില്ല. അതിനു മുൻപ് ഉറങ്ങിപ്പോകും.

കഴിഞ്ഞ ലക്കത്തിൽ സൂചിപ്പിച്ചതുപോലെ ''ഇപ്പം ചാകും'' എന്ന പരുവത്തിലാണ് ഈ പെങ്കൊച്ചിന്റെ നിൽപ്പ്. ഒരുവക ''അഴകൊഴ'' പരുവം. മുഖത്ത് സ്ഥിരമായി ഒട്ടിച്ചുവെച്ച ഒരു ചിരിയുള്ളത് ആശ്വാസകരം തന്നെ. സ്വപ്നലോകത്തു നിന്നാണ് പ്രോഗ്രാം നടത്തുന്നത്. ബൈബിൾ ക്വിസ്സ് ആണ് പരിപാടി.

വിളിക്കുന്നവർ ഭൂരിപക്ഷവും നെടുമ്പ്രത്തും പരിസരത്തുമുള്ള അമ്മാമ്മമാരാണ്. (അത് സ്വാഭാവികം). ചോദ്യങ്ങൾക്ക് നിലവാരമുണ്ടോ എന്ന് വിശേഷിച്ച് പറയേണ്ടതില്ല. കാരണം, ചവറിലെ പ്രോഗ്രാമിന് ഒരു അതിരിൽക്കവിഞ്ഞ മേൻമ ഉണ്ടാകില്ലല്ലോ. പക്ഷേ ഈ ഉറക്കംതൂങ്ങൽ അത്യാവശ്യമായി നിർത്തിയേ മതിയാകൂ.

## ചവറിലെ സ്ഥിരം കാഴ്ചകൾ

സ്ഥിരം നാടകവേദി എന്നൊക്കെ പറയുന്നതുപോലെ ചവറിൽ കുറേ സ്ഥിരം പരിപാടികളുണ്ട്. സംപ്രേക്ഷണം തുടങ്ങിയ ആദ്യ ദിനം മുതൽ ഇവ മാറ്റമില്ലാതെ തുടരുന്നു.

ചവറിലെ സ്ഥിരം പാട്ടുകളേക്കുറിച്ചാണ് ആദ്യം പറയേണ്ടത്. സണ്ണി സ്റ്റീഫൻ, സർവ്വാഭരണ വിഭൂഷിതയായ അലീന എന്നിവരുടെ പാട്ടില്ലെങ്കിൽ ചവറില്ല. സത്യത്തിൽ ഇവരാണ് ചവറിനെ നിലനിർത്തുന്നത്. കൂട്ടത്തിൽ വിൽസന്റെ പാട്ടും. കണ്ടും കേട്ടും ജനം മടുത്തു. പക്ഷേ കെ.സി.ജോൺ മാത്രം മടുത്തിട്ടില്ല.

കുടുംബഗീതം എന്ന പരിപാടിയാണ് മറ്റൊന്ന്. ഒരു പെങ്കൊച്ച് ഏതെങ്കിലും ഒരു പണക്കാരന്റെ വീട്ടിലെത്തി കുറേ കിന്നാരം പറയുകയും പാട്ടുപാടുകയും വീട്ടുകാരേക്കൊണ്ട് പാടിക്കയും മറ്റും ചെയ്യുന്നതാണ് പരിപാടി. വീട്ടുകാർ രക്ഷിക്കപ്പെട്ടവരാണോ എന്ന് ചോദ്യമില്ല. ചോദിക്കേണ്ട പെങ്കൊച്ച് രക്ഷിക്കപ്പെട്ടതല്ലല്ലോ. പാവപ്പെട്ടവന് ഭവനം ഇല്ലാത്തതുകൊണ്ട് ഭവനഗീതവുമില്ല. അതുകൊണ്ട് നാളിതുവരെ ഒരു പാവപ്പെട്ടവന്റേയും വീട്ടിൽ കയറി കുടുംബഗീതം പാടിയിട്ടില്ല.

വർഗീസ് മത്തായിയുടെ ബോറാണ് മറ്റൊരു സ്ഥിരം പരിപാടി. അതേപ്പറ്റി മറ്റൊരിടത്ത് വിശദീകരിച്ചിട്ടുള്ളതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല.

കെ.സി.ജോണിന്റെ സൊറയാണ് ചവറിലെ മറ്റൊരു മുഖ്യ പരിപാടി. ചെത്ത് സ്റ്റൈലിൽ വേഷമിട്ട കെ.സി.ജോൺ വെറുതെയിരുന്ന് സൊറ പറയുന്നു. എന്തിനേക്കുറിച്ചാണ് പറയുന്നതെന്ന് കേൾക്കുന്നവർക്കോ പറയുന്ന കെ.സി.ജോണിനു പോലുമോ അറിഞ്ഞുകൂടാ. എങ്കിലും പരിപാടി പൊടിപൂരമായി നടക്കുന്നു.

## പ്രൈം ടൈം ചെകുത്താന് സ്വന്തം

പ്രൈം ടൈം എന്നാൽ ഏറ്റവും അധികം പ്രേക്ഷകർ ടി.വി കാണുന്ന സമയം എന്നാണ് അർത്ഥം. കൊമേഷ്യൽ ചാനലിൽ ഇത് വൈകിട്ട് ആറു മുതൽ 10 വരെയാണ്. ചവറിന് പ്രൈം ടൈം എന്നൊന്ന് ഉണ്ടോ എന്ന് അറിഞ്ഞുകൂടാ. എങ്കിലും രാത്രി 10 മണിക്കുള്ള പ്രോഗ്രാമാണ് ഏറ്റവും അധികം ആളുകൾ കാണുന്നത് എന്നാണ് വെയ്പ്. കെ.എ.ഏബ്രഹാം, സുരേഷ് ബാബു, അതുല്യ ജോസ് തുടങ്ങിയവർ ആ സമയം പ്രോഗ്രാം നടത്താനായി തെരഞ്ഞെടുത്തതും ഈ കാരണത്താലത്രേ. എന്നാൽ ഇവരിൽ നിന്നൊന്നും കാര്യമായ വരുമാനം കിട്ടാറില്ല.

അങ്ങനെയിരിക്കുമ്പോഴാണ് ശുദ്ധമാന കത്തോലിക്ക സഭയിലെ പ്രസംഗകനായ ദേവസ്യ മുല്ലക്കര സഞ്ചിനിറയെ പണവുമായെത്തിയത്. പണ്ട് കർത്താവിനെ വിറ്റവന്റെ വംശപാരമ്പര്യം കാത്തുസൂക്ഷിക്കുന്ന കെ.സി. ജോൺ രണ്ടുവട്ടം ആലോചിക്കാതെ പണം വാങ്ങി കീശയിലിട്ടു. അങ്ങനെ പ്രൈം ടൈം ദുരുപദേശത്തിന് തീറെഴുതി വിറ്റു.

വൈകിട്ട് ആറു മണി മുതൽ 11 മണിവരെയുള്ള സമയത്താണ് മിക്കവരും ടി.വി കാണുന്നത്. ആ സമയത്ത് വളരെ അപൂർവ്വമായേ ഇപ്പോൾ ചവറിൽ യഥാർത്ഥ സുവിശേഷം കേൾക്കാൻ കഴിയൂ. ഭൂരിപക്ഷം സമയവും കത്തോലിക്കർ വിവിധതരം പരിപാടികൾ നടത്തുന്നു. ബാക്കിയുള്ള സമയത്ത് മറ്റ് ക്രൈസ്തവ വിഭാഗക്കാരുടെ പരിപാടികളും കാണാം. എന്തിനേറെ പറയുന്നു, സുവിശേഷ പ്രചരണത്തിനെന്നു പറഞ്ഞ് പണം പിരിച്ച് തുടങ്ങിയ ചാനലിൽ ഇപ്പോൾ സുവിശേഷം വളരെ അപൂർവ്വമായേ കേൾക്കാനുള്ളൂ.






# കെ.പി.യോഹന്നാന് എന്തുപറ്റി?

കെ.പി.യോഹന്നാന് എന്തുപറ്റി? എന്തോ പറ്റിയെന്ന് തീർച്ച. പക്ഷേ അത് എന്താണെന്ന് മനസ്സിലാകുന്നില്ല.

എന്തു തോന്ന്യാസവും ആകാം എന്ന അഹങ്കാരമാണ് എന്ന് ഒരു പക്ഷമുണ്ട്. ഈ വില യിരുത്തൽ തെറ്റാണെന്ന് പറയാനാവില്ല. ആവശ്യത്തിലധികം പണം കൈയ്യിലെത്തിയപ്പോൾ സ്വയം മറന്ന് അഹങ്കരിച്ചു. ചുറ്റും കൂടിയ സ്തുതിപാഠകർ പറയുന്ന തുകേട്ട് ആഹ്ലാദിച്ചു. ചോദിക്കാനും പറയാനും ആളില്ലാതായതോടെ എന്തും ആകാം എന്ന നിലയിലായി. ഉസ്സിയാവ് ബലവാനായപ്പോൾ അവന്റെ ഹൃദയം അവന്റെ നാശത്തിനായി നിഗളിച്ചു എന്നു പറയുന്നതുപോലെ കെ.പി.യോഹന്നാനും നിഗളിക്കയാണ്. ഇതൊക്കെയാകാം കെ.പി. യോഹന്നാന് യഥാർത്ഥത്തിൽ സംഭവിച്ചത്.

മറ്റു ചില സാദ്ധ്യതകളും കാണുന്നുണ്ട്. പണവും പ്രശസ്തിയും ഉണ്ടായപ്പോൾ ദൈവത്തെ മറന്നു. കൂടുതൽ അധികാരവും അന്തസ്സും ഉണ്ടാക്കാൻ മോഹമുദിച്ചു. ബിഷപ്പായാൽ അത് എളുപ്പമാണെന്നു തോന്നി. അങ്ങനെ വെഷപ്പായി. കുറച്ചു കാലം അങ്ങനെ കഴിഞ്ഞു. ആർച്ച് വെഷപ്പായാൽ കൂടുതൽ ബഹുമാനം കിട്ടുമെന്ന് തോന്നി. അതിന് കുറെ സാദാ ബിഷപ്പുമാർ കീഴിൽ വേണമല്ലോ. അതിനായി ഇപ്പോൾ ആറ് ചുമ്മാ ബിഷപ്പുമാരെ വാഴിക്കുന്നു. ഇനി കെ.പി.യോഹന്നാൻ കാതോലിക്കായോ പാത്രിയാർക്കീസോ കർദ്ദിനാളോ സാക്ഷാൽ പോപ്പുതന്നെയോ ആയെന്നും വരാം.

കെ.പി.യോഹന്നാനെ ദുരാത്മാവ് ബാധിച്ചതുകൊണ്ടാണ് ഇങ്ങനെയൊക്കെ ചെയ്യുന്നത് എന്നൊരു വാദവും നിലവിലുണ്ട്. ആ സാദ്ധ്യതയും തള്ളിക്കളയാനാവില്ല. സമനില തെറ്റിയവനേപ്പോലെയാണ് കെ.പി.യോഹന്നാൻ ഇപ്പോൾ പെരുമാറുന്നത്. ഇത് മാനസികരോഗമോ ഭൂതബാധയോ ആകാം. അങ്ങനെയെങ്കിൽ പ്രശ്നം ഭാവിയിൽ ഗുരുതരമാകും. ആകെ നാണക്കേടാകും.

സാമാന്യ വിദ്യാഭ്യാസം മാത്രമുള്ള ഒരു കുട്ടനാടൻ താറാവ് കൃഷിക്കാരൻ ആത്മീയ രംഗത്ത് ഉയർന്നു വരുന്നത് കണ്ട് സന്തോഷിച്ചവരാണ് മിക്കവരും. പക്ഷേ ഈ ചങ്ങാതിയുടെ പോക്ക് ശരിയായ ദിശയിലല്ല എന്ന് സുബോധമുള്ളവർക്കൊക്കെ ഏറെ താമസിയാതെ മനസ്സിലായി. എളിമയുടെ പുറംതോടിനുള്ളിൽ ഒളിച്ചിരിക്കുന്ന അഹങ്കാരിയെ വിവേചനവരമുള്ളവർ പെട്ടെന്ന് തിരിച്ചറിഞ്ഞു. അങ്ങനെ ദൈവമക്കൾ ഇദ്ദേഹത്തെ കൈവിട്ടു. സംഘടനയിൽ രണ്ടാമനായിരുന്ന ജേക്കബ് ടി. ആന്റണി കൂടി പുറത്തു വന്നതോടെ കെ.പി.യോഹന്നാന്റെ സംഘം ആത്മാവില്ലാത്ത ശരീരം പോലെയായി.

നാലു വർഷം മുൻപ് കെ.പി.യോഹന്നാൻ ബിഷപ്പായതോടെയാണ് ഇപ്പോൾ ഉണ്ടായിരിക്കുന്ന പ്രശ്നങ്ങൾക്ക് തുടക്കം കുറിച്ചത്. എന്തിനാണ് ബിഷപ്പ് ആകുന്നത് എന്ന ചോദ്യത്തിന് അക്കാലത്ത് കെ.പി.യോഹന്നാൻ നൽകിയ മറുപടി ഇതാണ്:

ക്രിസ്ത്യൻ വിവാഹ നിയമം അനുസരിച്ച് ബിഷപ്പ് നിയമിച്ച പുരോഹിതനോ ക്രിസ്ത്യൻ വിവാഹ രജിസ്ട്രാർക്കോ മാത്രമാണ് വിവാഹം നടത്താൻ അധികാരം. പാസ്റ്റർമാർ നടത്തുന്ന വിവാഹങ്ങൾക്ക് നിയമസാധുതയില്ല. (ഈ വാദം തികച്ചും ശരിയാണ്). കേരളത്തിൽ പാസ്റ്റർമാർ നിയമവിരുദ്ധമായി വിവാഹം നടത്തുകയും സർക്കാർ അതിൽ ഇടപെടാതിരിക്കുകയും ചെയ്യുന്നു. പക്ഷേ മറ്റു സംസ്ഥാനങ്ങളിൽ ഇതല്ല സ്ഥിതി. ബിഷപ്പ് നിയമിച്ച പുരോഹിതനോ ക്രിസ്ത്യൻ വിവാഹ രജിസ്ട്രാറോ അല്ലാതെ ആരെങ്കിലും ക്രിസ്ത്യൻ വിവാഹം നടത്തിയാൽ പ്രശ്നമാകും. ക്രിസ്ത്യൻ വിവാഹ രജിസ്ട്രാർ ആയി സർക്കാർ അംഗീകാരം നേടുക എന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. അതുകൊണ്ട് ബിഷപ്പ് നിയമിച്ച പുരോഹിതൻ എന്ന പദവി ഉണ്ടെങ്കിൽ കാര്യം എളുപ്പമാകും. കെ.പി.യോഹന്നാൻ ബിഷപ്പാകുകയും അദ്ദേഹം പുരോഹിതൻമാരെ നിയമിച്ചതായി രേഖ കാണിക്കാൻ സാധിക്കയും ചെയ്താൽ മതിയല്ലോ. ഇങ്ങനെ ബിഷപ്പ്, പുരോഹിതൻ എന്നിങ്ങനെയുള്ള പേരുകൾ തികച്ചും സാങ്കേതികമായി ഉപയോഗിക്കും എന്നതിൽ കവിഞ്ഞ് ഒന്നും കെ.പി.യോഹന്നാൻ ബിഷപ്പ് ആകുന്നതിൽ ഇല്ല. ഇങ്ങനെയൊക്കെ ആ കാലത്ത് കെ.പി.യോഹന്നാൻ തന്നെ പറഞ്ഞിരുന്നു. പക്ഷേ ഇതൊക്കെ തട്ടിപ്പായിരുന്നു എന്ന് പിന്നീടുള്ള അനുഭവങ്ങൾ തെളിയിച്ചു.

ബിഷപ്പായതോടെ കെ.പി.യോഹന്നാന്റെ രൂപവും ഭാവവും മാറി. പണ്ടത്തെ ഓർമ്മവെച്ച് ആരെങ്കിലും കെ.പിച്ചായൻ എന്നു വിളിച്ചാൽ കലി തുള്ളാൻ തുടങ്ങി. സമുദായങ്ങളിലെ ബിഷപ്പുമാരേക്കാൾ പ്രതാപത്തോടെ ഭരണവും തുടങ്ങി.

ഇപ്പോൾ കെ.പി.യോഹന്നാൻ മെത്രാപ്പോലീത്താ ആയിരിക്കുന്നു. ആറ് ചുമ്മാ വെഷപ്പുമാരെ വാഴിക്കയും ചെയ്തിരിക്കുന്നു. സാങ്കേതികമായി മാത്രമല്ല എല്ലാ അർത്ഥത്തിലും കെ.പി. യോഹന്നാനും കൂട്ടരും പട്ടത്വ ഉപദേശം സ്വീകരിച്ചിരിക്കുന്നു. ദൈവമക്കളായി ആരെങ്കിലും ഈ സംഘടനയിൽ അവശേഷിക്കുന്നുണ്ടെങ്കിൽ രക്ഷപ്പെടുക.



ഞാൻ എത്ര മഹാനെന്ന് നോക്കുവീൻ

# ഡിഫെൻഡർ മറുപടി പറയുന്നു

**?** തങ്ങൾക്ക് അത്ഭുത രോഗശാന്തി ലഭിച്ചു എന്ന് അനേകർ സാക്ഷ്യം പറയുന്നു. പക്ഷേ ഇതൊക്കെ വ്യാജരോഗശാന്തിയാണെന്ന് ഡിഫെൻഡറും പറയുന്നു. ഇതിൽ ഏതാണ് പൊതുജനം വിശ്വസിക്കേണ്ടത്?

■ അത്ഭുതരോഗശാന്തി എന്നൊന്നില്ല എന്ന് ഡിഫെൻഡർ ഒരിക്കലും പറഞ്ഞിട്ടില്ല. മരിച്ചവരെ ഉയിർപ്പിക്കുന്നത് ഉൾപ്പെടെ ഒന്നാം നൂറ്റാണ്ടിൽ നടന്ന എല്ലാ അത്ഭുതങ്ങളും ഇരുപത്തൊന്നാം നൂറ്റാണ്ടിലും നടക്കും എന്ന് ഡിഫെൻഡർ വിശ്വസിക്കുകയും അങ്ങനെ പഠിപ്പിക്കയും ചെയ്യുന്നു. അതുകൊണ്ട് ഡിഫെൻഡർ അത്ഭുത രോഗശാന്തിക്ക് എതിരാണ് എന്ന ധാരണ മാറ്റുക.

അത്ഭുത രോഗശാന്തി എന്ന പേരിൽ ഇന്ന് നടക്കുന്നത് കണ്ണടച്ച് വിശ്വസിക്കാനാവില്ല. രോഗശാന്തി ഉണ്ടായോ എന്ന് വിശദമായ അന്വേഷണത്തിലൂടെ ഉറപ്പിക്കണം. കേൾക്കുന്നതെന്തും കണ്ണടച്ച് വിശ്വസിക്കരുത്. ചില ഉദാഹരണങ്ങൾ കൊണ്ട് ഇത് വ്യക്തമാക്കാം.

ഗർഭപാത്രം ഓപ്പറേഷനിലൂടെ നീക്കം ചെയ്ത ഒരു സ്ത്രീ തങ്കുവിന്റെ പ്രാർത്ഥനയുടെ ഫലമായി പ്രസവിച്ചു എന്ന് കേട്ടിരുന്നു. ഇത് ശരിയോണോ എന്ന് എത്രപേർ അന്വേഷിച്ചു? ചില ചോദ്യങ്ങൾക്ക് ഉത്തരം കിട്ടിയാൽ സത്യം അറിയാം.

1. ഏത് ആശുപത്രിയിലാണ് ഓപ്പറേഷൻ നടത്തിയത്?
2. ഏതു ഡോക്ടറാണ് ഓപ്പറേഷൻ നടത്തിയത്?
3. ഈ സ്ത്രീക്ക് ഇപ്പോൾ ഗർഭപാത്രം ഉണ്ടോ?
4. ഉണ്ടെങ്കിൽ എങ്ങനെ ഉണ്ടായി?
5. ഈ സ്ത്രീ പ്രസവിച്ചു എന്നു പറയുന്നത് സത്യമാണോ?

ഓപ്പറേഷൻ നടത്തിയ ആശുപത്രിയിലെ റിക്കാർഡുകൾ പരിശോധിക്കുക, ഓപ്പറേഷൻ നടത്തിയ ഡോക്ടറെ നേരിൽ കണ്ട് വിശദാംശങ്ങൾ അന്വേഷിച്ച് അറിയുക, ഈ സ്ത്രീയെ സ്കാനിംഗിന് വിധേയയാക്കി ഇപ്പോൾ ഗർഭപാത്രം ഉണ്ടോ എന്ന് പരിശോധിക്കുക തുടങ്ങിയവ ചെയ്താൽ സത്യം അറിയാം.

രോഗസൗഖ്യം പ്രാപിച്ചു എന്നു പറയുന്ന ഈ സ്ത്രീയുടെ വിലാസവും ഫോൺ നമ്പറും തങ്കു വെളിപ്പെടുത്തണം. സത്യം കണ്ടെത്താനുള്ള ശ്രമവുമായി ഈ സ്ത്രീയും സഹകരിക്കണം. പറയുന്നത് കള്ളസാക്ഷ്യമല്ലെങ്കിൽ തങ്കുവിനും സ്ത്രീക്കും സഹകരിക്കാൻ ബുദ്ധിമുട്ടുണ്ടാകുകയുമില്ലല്ലോ.

മരിച്ചുപോയ ഒരു കുട്ടി തങ്കുവിന്റെ സഭയിലുള്ള ഒരു പെൺകുട്ടിയുടെ പ്രാർത്ഥനയാൽ ഉയിർത്തു എന്നൊരു പ്രചരണം ഉണ്ടായിരുന്നു. പക്ഷേ അത് പച്ചക്കള്ളമാണെന്ന് ഡിഫെൻഡർ കണ്ടെത്തിയിരുന്നു. കുട്ടി മരിച്ചു എന്ന് ചിലർക്കൊക്കെ തോന്നി എന്നല്ലാതെ ആ കുട്ടി യഥാർത്ഥത്തിൽ മരിച്ചിരുന്നില്ല. അല്പസമയം ബോധം കെട്ടു കിടന്ന കുട്ടി ''ഉയിർത്തു'' എന്നുമാത്രം.

ശതാബ്ദി സമ്മേളനത്തിൽ സായിപ്പ് പ്രാർത്ഥിച്ച് കോതമംഗലംകാരൻ വർഗീസിന് രോഗ സൗഖ്യം ലഭിച്ചു എന്ന് പ്രചരണമുണ്ടായിരുന്നെങ്കിലും അത് കള്ളമായിരുന്നു. അതേപ്പറ്റിയും ഡിഫെൻഡർ എഴുതിയിരുന്നു. ഇങ്ങനെ വ്യാജ രോഗശാന്തികളുടെ ലിസ്റ്റ് വളരെ നീണ്ടതാണ്.

സുരേഷ് ബാബു പ്രാർത്ഥിച്ച് ആയിരക്കണക്കിന് രോഗികൾക്ക് സൗഖ്യം ലഭിച്ചിട്ടുണ്ട് എന്ന് പറയപ്പെടുന്നു. പക്ഷേ അത്ഭുതം എന്ന് തീർത്തു പറയാൻ കഴിയുന്ന ഒറ്റ സംഭവം പോലും ചൂണ്ടിക്കാണിക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല.

സാമച്ചൻ എന്ന അന്തർദ്ദേശീയ കള്ളൻ പ്രാർത്ഥിച്ചതിന്റെ ഫലമായി ലോകമെമ്പാടും അത്ഭുതം നടന്നതായി പ്രചരണം നടക്കുന്നു. പക്ഷേ അത്ഭുതം എന്ന് ഉറപ്പിച്ചു പറയാൻ പറ്റുന്ന ഒരു സംഭവം പോലും നടന്നിട്ടില്ല. പമ്പര വിഡ്ഢികളായ പെന്തക്കോസ്തുകാരെ കബളിപ്പിക്കാൻ ഇവർക്കൊക്കെ കഴിയുന്നു എന്നു മാത്രം.

തങ്കുവും സാമച്ചനും സുരേഷ് ബാബുവും മറ്റും അന്തർദ്ദേശീയ പ്രസംഗകരായത് ഇവരുടെ പ്രസംഗത്തിന്റെ ശ്രേഷ്ഠത കൊണ്ടോ വചന പാണ്ഡിത്യം കൊണ്ടോ ഒന്നുമല്ല. നടക്കാത്ത അത്ഭുതങ്ങൾ നടന്നു എന്ന് വരുത്തിത്തീർക്കാൻ ഇവർക്ക് കഴിയുന്നു. അന്ധവിശ്വാസത്തിന്റെ നൊസ്സ് ബാധിച്ചവർ ഇതൊക്കെ ചോദ്യം ചെയ്യാതെ വിശ്വസിക്കുന്നു. ഇവരെ ദൈവത്തേപ്പോലെ ആരാധിക്കുന്നു. ദൈവത്തിനു കൊടുക്കേണ്ടതെല്ലാം ഈ കള്ളൻമാർക്ക് കൊടുക്കുന്നു. അങ്ങനെ ഇവർ പണക്കാരായി. ഈ പണമൊക്കെ ദൈവം കൊടുത്തതാണെന്ന് വരുത്തി തീർക്കാനായി സമൃദ്ധിയുടെ സുവിശേഷം പ്രസംഗിക്കുന്നു. കർത്താവിൽ വിശ്വസിക്കുന്നവർ പണക്കാരാകുമെന്ന് പഠിപ്പിക്കുന്നു. ഇതൊക്കെ ശരിയാണെന്നു വിശ്വസിക്കുന്നവർ സമൃദ്ധി സ്വപ്നം കണ്ട് ഈ കള്ളപ്രവചാചകൻമാരുടെ പിന്നാലെ നടക്കുന്നു. കഷ്ടമെന്നേ പറയേണ്ടൂ.

വിശ്വസിക്കുന്നവരെ അടയാളങ്ങൾ പിൻതുടരും എന്നത് കർത്താവിന്റെ വാഗ്ദത്തമാണ്. അത് അന്നും ഇന്നും അങ്ങനെതന്നെ നടക്കും. പക്ഷേ വിശ്വസിക്കുന്നവർ അടയാളങ്ങളെ പിൻതുടരും എന്ന് ദൈവവചനം പറയുന്നില്ല. ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം തിരയുന്നു എന്ന് കർത്താവ് പറഞ്ഞത് ഇന്നും പ്രസക്തമാണ്. വിശ്വാസികൾ കർത്താവിന്റെ പിന്നാലെ പോകും. അവിശ്വാസികൾ അടയാളങ്ങളുടെ പിന്നാലെ പോകും.



# വ്യാഖ്യാതാക്കളും കുറെ കഴുതകളും

ഒക്ടോബർ 15ന് ഇറങ്ങിയ ഹാലേലൂയ്യാ ദൈവാരികയിൽ പ്രസിദ്ധീകരിച്ച ബിലെയാമും കുറെ കഴുതകളും (തോമസ് മുല്ലക്കൽ), ദൈവവചനം വ്യാഖ്യാനിക്കുന്നത് എങ്ങനെ (ജോസഫ് പി.കോര) എന്നീ ലേഖനങ്ങൾ ഏവരും വായിക്കേണ്ടതാണ്. ദൈവവചനം ദുർവ്യാഖ്യാനം ചെയ്യുന്നതിനേക്കുറിച്ചാണ് ഇരുവരും വിശദീകരിക്കുന്നത്.

ബിലെയാം കഴുതയെ മൂന്നുവട്ടം അടിച്ചത് മാനസാന്തരം, സ്നാനം, പരിശുദ്ധാത്മസ്നാനം എന്നിവയാണെന്നു വ്യാഖ്യാനിക്കുന്നവരെ തോമസ് മുല്ലക്കൽ ശരിക്ക് പരിഹസിക്കുന്നുണ്ട്. അബ്രഹാം യിസ്ഹാക്കിനെ യാഗം കഴിച്ചത്, ഉസ്സിയാവ് മരിച്ച ആണ്ടിൽ പ്രവാചകൻ ദർശനം കണ്ടത് തുടങ്ങിയതൊക്കെ വ്യാഖ്യാനക്കാരുടെ ഇഷ്ട വിഷയങ്ങളാണ്. തിരഞ്ഞെടുപ്പും വിദേശയാത്രയും ദല്ലാൾപ്പണിയും റബ്ബർ തോട്ട സംരക്ഷണവും ഒക്കെ കഴിയുമ്പോൾ ദൈവവചനം പഠിക്കാൻ സമയം കിട്ടാത്തതുകൊണ്ടാണ് പാസ്റ്റർമാർ ഇത്തരം വിഡ്ഢിത്തം പ്രസംഗിക്കുന്നതെന്ന നിരീക്ഷണവും ശരിതന്നെ.

യിസ്ഹാക്ക് റിബേക്കയെ വിവാഹം കഴിച്ചത് കർത്താവ് സഭയെ വേളികഴിക്കുന്നതുമായി ബന്ധപ്പെടുത്തി വ്യാഖ്യാനിക്കുന്നത് തെറ്റാണെന്ന് ജോസഫ് പി. കോര പറയുന്നത് ശരിതന്നെ. അതുപോലെ 10 കന്യകമാരെ മണവാട്ടിയാക്കുന്നതും ശരിയായ വ്യാഖ്യാനമല്ല. അവർ മണവാട്ടിയുടെ തോഴിമാരാണ്. എന്നാൽ ഉല്പ. 3:15ലെ സന്തതിക്കും പാമ്പിനും അല്പം ആത്മീയ അർത്ഥംകൂടിയുണ്ടെന്ന് പറയാതെവയ്യ. ഗലാ. 4:4ൽ പൗലോസ് യേശുക്രിസ്തുവിനെ സ്ത്രീയുടെ സന്തതി എന്ന് വിളിക്കുന്നതു വെളി. 20:2ൽ സാത്താനെ പഴയ പാമ്പെന്ന് വിളിക്കുന്നതും ശ്രദ്ധിക്കുക. പഴയനിയമത്തിൽ അക്ഷരാർത്ഥത്തിൽ പറയുന്ന പലതിനും പുതിയനിയമത്തിൽ ആത്മീയ അർത്ഥം കൊടുത്തിട്ടുണ്ട്. പെസഹ കുഞ്ഞാട് ക്രിസ്തുവാണ്, ചെങ്കടൽ കടന്നത് സ്നാനത്തിന് മുൻകുറിയാണ്, ഹാഗാറും സാറയും യഥാക്രമം പഴയനിയമവും പുതിയനിയമവുമാണ് എന്നൊക്കെ പൗലോസ് തന്നെ പറയുന്നുണ്ടല്ലോ. ദൈവവചനത്തിന്റെ പരിധിയിൽ ഒതുങ്ങി നിന്നുകൊണ്ട് ദൈവവചനം വ്യാഖ്യാനിച്ചാൽ അബദ്ധങ്ങൾ ഒഴിവാക്കാം.

# റോസമ്മ വീണ്ടും സുവിശേഷം ഘോഷിക്കും?

ആർ.റ്റി.ഒ റോസമ്മക്ക് ഇടയ്ക്കൊക്കെ സുവിശേഷം ഘോഷിക്കണം. കൈക്കൂലിയായി കിട്ടുന്ന അളവറ്റ ധനം ഉപയോഗിച്ച് തിന്നു കൊഴുത്ത് വെറുതെ ഇരിക്കുമ്പോൾ ഇങ്ങനെ ചിലതൊക്കെ ആർക്കായാലും തോന്നിപ്പോകും.

സുവിശേഷം ഘോഷിക്കാൻ ഭർത്താവായ ബഞ്ചമിൻ പാസ്റ്റർ വീട്ടിൽത്തന്നെ ഉണ്ടെങ്കിലും അതുകൊണ്ടൊന്നും റോസമ്മയ്ക്ക് തൃപ്തി വരുന്നില്ല. ബഞ്ചമിന്റെ പഴഞ്ചൻ ഘോഷണം ആർക്കുവേണം. അതുകൊണ്ട് ചോരയും നീരുമുള്ള ചുണക്കുട്ടന്മാരെ തേടി റോസമ്മ ഇറങ്ങും.

പണ്ടൊരിക്കൽ സുരേഷ് ബാബുവിനെ വിളിച്ച് സുവിശേഷം ഘോഷിപ്പിച്ചു നോക്കിയിരുന്നു. അതിനുശേഷം സുവിശേഷവുമായി ബന്ധപ്പെട്ട് പലരും വന്നെങ്കിലും സുരേഷിന്റെ ഏഴയലത്തു വരാനുള്ള കഴിവ് അവർക്കൊന്നും ഇല്ലെന്ന് റോസമ്മക്ക് ബോദ്ധ്യമായി. അങ്ങനെ സുരേഷ് ബാബുവിനെ റോസമ്മ സ്ഥിരം സുവിശേഷഘോഷകനായി തെരഞ്ഞെടുത്തു.

കഴിഞ്ഞതവണത്തെ കൺവെൻഷനിൽ സുരേഷായിരുന്നു മുഖ്യ പ്രസംഗകൻ. താമസം പുഴയോര റിസോർട്ടിൽ. സംഗതി റോസമ്മയ്ക്ക് നന്നായി ബോധിച്ചു. സുവിശേഷഘോഷണത്തിന്റെ കാര്യത്തിൽ സുരേഷിനെ വെല്ലാൻ ആരുമില്ലെന്ന് റോസമ്മ അനുഭവിച്ചറിഞ്ഞു.

എത്രയും വേഗം വീണ്ടും ഒരു സുവിശേഷഘോഷണം കൂടി നടത്താനുള്ള കൊതി റോസമ്മയ്ക്ക് ഉണ്ടായത് തികച്ചും സ്വാഭാവികം. അതുകൊണ്ട് മഴ മാറിയാൽ ഉടൻ പരിപാടി നടത്താൻ പദ്ധതി തയ്യാറാക്കുന്ന തിരക്കിലാണ് റോസമ്മ.

ജനുവരി 11 മുതൽ 14 വരെ കൺവെൻഷൻ നടത്താനാണ് ഉദ്ദേശ്യം. സുരേഷ് ബാബു ആയിരിക്കും മുഖ്യ പ്രസംഗകൻ. പരിപാടിക്ക് കൊഴുപ്പേകാൻ ഏതെങ്കിലും വലിയ നേതാവിനെ കിട്ടുമോ എന്നും നോക്കുന്നുണ്ട്.

സുരേഷിനുവേണ്ടി പതിവുപോലെ പുഴയോര റിസോർട്ടിൽ താമസസൗകര്യം ഒരുക്കാനാണ് തീരുമാനം. അതിന് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായാൽ റോസമ്മയുടെ വീട്ടിലാകും താമസം. സുരേഷ് എവിടെ താമസിച്ചാലും സുവിശേഷഘോഷണം പൊടിപൂരമായി നടന്നാൽ റോസമ്മ തൃപ്തയാകും.

# സാമച്ചനെ ദിവ്യനാക്കിയത് തെറ്റായിപ്പോയി

ഹാലേലൂയ്യാ ദൈവാരിക സാമച്ചനെന്ന അന്തർദ്ദേശീയ കള്ളന് അഭിമുഖത്തിലൂടെ നൽകിയ പ്രശസ്തി അനേകരെ വഴിതെറ്റിക്കുമെന്ന് ദുഃഖത്തോടെ പറയട്ടെ. പെന്തക്കോസ്തിലെ ഏകനും പ്രത്യക്ഷനുമായ കള്ളൻ സാമച്ചൻ മാത്രമാണെന്ന് ഡിഫെൻഡർ പറയുന്നില്ല. കെ.സി. ജോൺ, സുരേഷ് ബാബു തുടങ്ങിയവർ ഉൾപ്പെടെ ഏറെപ്പേർ ഈ കൂട്ടത്തിലുണ്ട്. എങ്കിലും ഏറെയൊന്നും അറിയപ്പെടാതെ കിടന്ന സാമച്ചനെ ഒട്ടേറെ അപ്പോക്രീഫാ കഥകൾ സഹിതം ഈ ഗ്രൂപ്പിലേക്ക് ആനയിച്ചത് തെറ്റായിപ്പോയി. ഇതുമൂലം അനേകർ സാമച്ചന്റെ ഇരകളാകും എന്നതിന് സംശയമില്ല.

## ആത്മാക്കളെ കൊയ്യുന്നതെങ്ങനെ?

ഹാലേലൂയ്യായുടെ ഒക്ടോബർ 15 ലക്കത്തിൽ ''മരുഭൂമിയിൽ ആത്മാക്കളെ കൊയ്യുന്ന പാസ്റ്റർ ജോൺസൺ വൈദ്യൻ'' എന്നൊരു തലക്കെട്ട് കണ്ടു. കതിർ കൊയ്യാം. പക്ഷേ ആത്മാക്കളെ എങ്ങനെയാണ് കൊയ്യുന്നതെന്ന് ഒരു പിടിയും കിട്ടുന്നില്ല. ലേഖകനായ ഷാജി ആലുവിളയോ ഹാലേലൂയ്യാ പത്രാധിപരോ ഈ തലക്കെട്ടിന് ഒരു വിശദീകരണം തന്നാൽ നന്നായിരുന്നു.

## 23 ലക്ഷം വെറുതെയായോ?

സുവിശേഷ ഘോഷണത്തിനെന്നു പറഞ്ഞ് പാവപ്പെട്ട വിശ്വാസികളിൽ നിന്നും പിരിച്ചെടുത്ത 23 ലക്ഷം രൂപ കൈക്കൂലിയായി കൊടുത്ത് കെ.സി.ജോൺ സ്വന്തം മകന് തമിഴ്നാട്ടിലുള്ള ഒരു സ്വകാര്യ മെഡിക്കൽ കോളേജിൽ അഡ്മിഷൻ എടുത്ത കാര്യം മുൻപ് ഡിഫെൻഡർ റിപ്പോർട്ട് ചെയ്തിരുന്നല്ലോ. പക്ഷേ ആ പണം വെറുതെപോയോ എന്ന് തോന്നുന്ന വിധത്തിലുള്ള റിപ്പോർട്ടുകളാണ് തിരുവല്ലയിൽ നിന്നും ലഭിക്കുന്നത്.

കെ.സി ജോണിന്റെ ഇളയസന്തതിയും ഭാവിയിലെ സ്വാശ്രയ ഡോക്ടറുമായ പയ്യൻ അടുത്ത കാലത്തായി പുഷ്പഗിരി മെഡിക്കൽ കോളേജിന്റെ പടിക്കൽ, കന്നിമാസത്തിലെ ശുനകനേപ്പോലെ, കാത്തുകിടക്കുകയും ചില നെഴ്സിംഗ് വിദ്യാർത്ഥിനികളെ വലയിലാക്കി ഊരു ചുറ്റുകയും ചെയ്യുന്നു. ഇവൻ എം.ബി.ബി.എസ്സിന് പഠിക്കയാണെങ്കിൽ തമിഴ്നാട്ടിൽ ആയിരിക്കേണ്ടതല്ലേ? എങ്ങനെ തിരുവല്ലയിൽ ചുറ്റിക്കറങ്ങാൻ കഴിയുന്നു?

# ചിക്കുൻ ഗുനിയ അസ്സലായി

ഹാലേലൂയ്യായുടെ ഒക്ടോബർ 15 ലക്കത്തിൽ ചിക്കുൻ ഗുനിയ വൈറസിന്റെ ജനിതക മാറ്റത്തെ പെന്തക്കോസ്തിലെ മൂല്യച്യുതിയുമായി ബന്ധപ്പെടുത്തി എഴുതിയ ലേഖനം ഒന്നാംതരമായി. ലേഖകനും പത്രത്തിനും അഭിനന്ദനം.

ലേഖനത്തിൽ നിന്നും ചില ഭാഗങ്ങൾ:

''ഒരു കാലത്ത് ഒന്നുമില്ലാത്തവരായി ഭവനം വിട്ടിറങ്ങി കടത്തിണ്ണകളിൽ ഉറങ്ങി ഒരു നേരത്തെ ആഹാരമില്ലാതെ വേല ചെയ്ത് തലപ്പത്തെത്തിയവർ കാലക്രമത്തിൽ തങ്ങളുടെ അനന്തരാവകാശികളായി പിൻഗാമികളെ വാഴിച്ച് കടന്നുപോയത് സാംക്രമിക രോഗംപോലെ പടർന്നു പിടിച്ച ജനിതക മാറ്റത്തിന്റെ ആദ്യപടിയായി മാറി. കാലഘട്ടം പിന്നിട്ടപ്പോൾ കോടികളുടെ സ്വത്താർജ്ജിക്കാൻ ട്രസ്റ്റും കോളജും ഫൗണ്ടേഷനും ഉണ്ടാക്കി തലമുറ ജനതിക മാറ്റത്തിന്റെ ഘടന ഒന്നുകൂടി ബലവത്താക്കിയപ്പോൾ ഓരോ പിൻകോഡിലും സഭയുണ്ടാക്കി ജനതിക മാറ്റം ത്വരിതഗതിയിലാക്കിയത് അടുത്ത ഘട്ടം. ഒരുകാലത്ത് തങ്ങൾക്ക് ലഭിക്കാതിരുന്ന ലോക സുഖങ്ങൾ പൈശാചികവും ജഢീകവുമെന്ന് ഘോരഘോരം പ്രസംഗിച്ചവർ അതെല്ലാം കയ്യെത്തും ദൂരത്തായപ്പോൾ ലോകമക്കളേക്കാൾ ആർത്തിയോടെ അനുഭവിച്ച് ന്യായീകരണത്തിനായി ഒത്തുവാക്യവും കണ്ടുപിടിച്ചപ്പോൾ സംഭവിച്ചത് ജനിതകമാറ്റത്തിന്റെ മറ്റൊരു ഘട്ടം.

രാഷ്ട്രീയം പാടില്ലെന്നു പറഞ്ഞവർ സഭയ്ക്കുള്ളിൽ രാഷ്ട്രീയം കളിക്കുവാൻ ലക്ഷങ്ങൾ വാരിയെറിഞ്ഞിട്ടും തൃപ്തി വരാതെ ഇടത്തും വലത്തും അവസരം പോലെ ചാടി രാഷ്ട്രീയക്കാരെ കൺവെൻഷൻ സ്റ്റേജുകളിൽ എഴുന്നെള്ളിച്ച് അവരുടെ പ്രസംഗത്തിന് പാവം കഴുതകളെക്കൊണ്ട് സ്തോത്രം പറയിക്കുന്നതും ജനിതക മാറ്റത്തിലെ മറ്റൊരു മാറ്റം.

നാടകവും സിനിമയും നിഷിദ്ധമാക്കുകയും അതു കാണുന്നവരെ വിശുദ്ധിയുടെ വാളോങ്ങി മൂന്നാഴ്ച സഭായോഗങ്ങളിൽ സാക്ഷ്യം വിലക്കുകയും ചെയ്തവർ സിനിമാസംവിധായകരേയും വലിയ നടൻമാരേയും കൺവെൻഷൻ സ്റ്റേജിൽ എത്തിച്ചിട്ട് വലിയവനായി എന്നു നടിക്കുന്ന മുഖഭാവത്തോടെ സ്റ്റേജിൽ വിലസുന്ന അവസ്ഥ ജനിതക മാറ്റമല്ലാതെന്ത്?

..... മെത്രാനായി മാറിയവനെ ചീത്ത വിളിക്കുമ്പോഴും തങ്ങളും മോശക്കാരല്ലെന്നു കാണിക്കാൻ സപ്തതിയും ജൻമദിനവും ആഘോഷമാക്കി മാറ്റി മെത്രാനെ ക്ഷണിച്ചുവരുത്തി മുത്തം ചെയ്ത് വിരുന്നുകഴിച്ച് ഫോട്ടോയെടുത്ത് പത്രത്തിലാക്കി പുസ്തകത്തിലാക്കി നാലാളെ കാണിക്കുന്നതും ഒരു പ്രധാന ജനിതക മാറ്റം തന്നെ.

സ്വന്തം കേസ്സുകൾ നടത്താൻ ലക്ഷങ്ങൾ മുടക്കുകയും വക്കീലൻമാരുടെ പടയെ നിയോഗിക്കുകയും ചെയ്തിട്ട് എങ്ങാനും സാധാരണക്കാരൻ കേസ്സുകൊടുത്താൽ (അതും ഈ ജനാധിപത്യ രാജ്യത്തിൽ) അവനെതിരെ ചന്ദ്രഹാസമിളക്കി പുറത്താക്കുന്നതും വിശുദ്ധിയുടെ കാവൽക്കാർ എന്ന പരിവേഷം അണിയുന്നതും പ്രധാന ജനിതക മാറ്റം തന്നെ. പത്തു പാസ്സാകാത്ത ഉപദേശി പാസ്റ്ററും റവയും കഴിഞ്ഞ് അഞ്ഞൂറു മുടക്കി ചുമ്മാഡോ ആയതും പോരാഞ്ഞ് അഭിനവ ബിഷപ്പായതും രസകരമായ മാറ്റങ്ങളിൽ ഒന്നുതന്നെ''.

ഇങ്ങനെ ലേഖകൻ ഒട്ടേറെ ജനിതക മാറ്റങ്ങളേക്കുറിച്ച് പറയുന്നുണ്ട്. എല്ലാം ഒന്നിനൊന്ന് മെച്ചം തന്നെ.





# നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപനത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കുവേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു. www.yourname.com എന്ന വിലാസം. you@yourname.com എന്ന ഈമെയിൽ. ഒരു ഹോം പേജ്

ആകെ ചെലവ്: 1500 രൂപ മാത്രം. ഓരോ അധിക പേജിനും 400 രൂപ

ഫോൺ: 0484-3232356. മൊബൈൽ: 94474 14608

# THE PROTECTION OF WOMEN FROM DOMESTIC VIOLENCE RULES, 2005

In exercise of the powers conferred by Section - 37 (1) of the "Protection of Women fro Domestic Violence Act, 2005" the Central Government hereby makes the following rules for carrying out the provisions of the Act.

1. Short Title and commencement -
a) These rules may be called "The Protection of Women from Domestic Violence Rules, 2005".
b) They shall come into force on the date of their publication in the official Gazette.

2. Definitions -
In these rules unless the context otherwise requires -
a) "Act" means "The Protection of Women from Domestic Violence Act, 2005" (43 of 2005).
b) Government includes the Government of Union Territories, State and Central Government.

